File No. LBRD-R1/65/2022-LBRD (Computer No. 2035248)

5825062/2022/(J) LBRD

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 ഡിസംബർ 29<br>29th December 2022<br>1198 ധനു 14<br>14th Dhanu 1198<br>1944 പൌഷം 8<br>8th Pousha 1944 | നമ്പർ<br>No. 4424 |

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) നം.114/2022/തൊഴിൽ *തിരുവനന്തപുരം, 2022 ഡിസംബർ 28*

*1198 ധനു 13*

**എസ്. ആർ. ഒ. നമ്പർ 1238/2022**.- 2006 -ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006 - ലെ 24) 2 -ാം വകുപ്പ് (ജി) ഖണ്ഡപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട്, കേരള സർക്കാർ പ്രസ്തുത ആക്റ്റ് താഴെപ്പറയും പ്രകാരം ഇതിനാൽ ഭേദഗതി ചെയ്യുന്നു, അതായത്:-

**ഭേദഗതി**

പ്രസ്തുത ആകറ്റിന്റെ 2-ാം വകുപ്പ് (ജി) ഖണ്ഡത്തിൽ,-

(i) "ശബ്ദവും വെളിച്ചവും അലങ്കാരവും ലഭ്യമാക്കുന്ന സ്ഥാപനം" എന്ന വാക്കുകൾക്ക്



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ശേഷം "പൗൾട്രി സ്ഥാപനം, പൗൾട്രി അനുബന്ധ സ്ഥാപനം" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ii) " കോൺട്രാക്റ്റർ മുഖേനയോ ഏജന്റ് മുഖേനയോ കരാർ വ്യവസ്ഥയിലോ അല്ലാതെയോ വേതനം പറ്റുന്ന ആളും," എന്ന വാക്കുകളും ചിഹ്നത്തിനും ശേഷം "മെഡിക്കൽ റപ്രസെന്റേറ്റീവ്മാരടക്കമുള്ള സെയിൽസ് പ്രമോഷൻ തൊഴിലാളികളും," എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**മിനി ആന്റണി,,**
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2006 -ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006 -ലെ 24) 2-ാം വകുപ്പ് (ജി) ഖണ്ഡപ്രകാരം പ്രസ്തുത ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം മുലം, ആകറ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളിയായി പ്രഖ്യാപിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിനനുസൃതമായി ആക്റ്റിന്റെ 2-ാ വകുപ്പ് (ജി) ഖണ്ഡത്തിൽ പൗൾട്രി സ്ഥാപനങ്ങൾ, പൗൾട്രി അനുബന്ധ സ്ഥാപനങ്ങൾ, മെഡിക്കൽ റപ്രസെന്റേറ്റീവ്മാരടക്കമുള്ള സെയിൽസ് പ്രമോഷൻ തൊഴിലാളികൾ എന്നിവരെക്കൂടി ഉൾപ്പെടുത്തി 2006 – ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് അനുയോജ്യമായി ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Generated from eOffice AM
Digitally signed by Veeran T
Date:2022.12.29 05:50:59 +05:30